കേരള സർക്കാർ

# എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി6)1414/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :18.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി6)1414/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 18.09.2017

## എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 30.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.07.2017 മുതൽ 11.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റസിയാ ബീവി.ജെ.,ഓഡിറ്റ് ഓഫീസർ |
| | വിനീത് ആർ.,അസി. ഓഡിറ്റ് ഓഫീസർ |
| | ഷെഫീക്ക് എം.,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | അനീഷ് ആർ.,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| പ്രസിഡന്റ് | | ജെസ്സി പീറ്റർ | 01.04.2016 | 31.03.2017 |
| വൈസ് പ്രസിഡന്റ് | | എം.സി.സജികുമാർ | 01.04.2016 | 31.3.2017 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | വികസന കാര്യം | സാലി പീറ്റർ | 01.04.2016 | 31.3.2017 |
| | ക്ഷേമകാര്യം | ജെയിൻ.കെ.പുന്നൂസ് | 01.04.2016 | 31.3.2017 |
| | വിദ്യാഭ്യാസം & ആരോഗ്യ കാര്യം | ജൂലിയ ജെയിംസ് | 01.04.2016 | 31.3.2017 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ.ഓംപ്രകാശ് കെ.ആർ. | 01.04.2016 | 27.7.2016 |
| | ശ്രീമതി സുഭിത നായർ സി. | 28.7.2016 | 14.11.2016 |
| | ശ്രീ.സുജിത് കരുൺ | 15.11.2016 | 4.12.2016 |
| | ശ്രീമതി സുഭിത നായർ സി. | 5.12.2016 | 16.1.2017 |
| | ശ്രീമതി ജെമിനി ഇ.സി. | 17.1.2017 | 31.3.2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | സ്വപ്ന | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രാജേഷ് | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (പി..എച്ച്.സി)തൊട്ടൂർ | ഡോ.സുധ സുബി നായർ | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (പി..എച്ച്.സി) ആരക്കുന്നം | ഡോ.സാവിത്രി എൽ.കെ. | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശാന്താറാം കെ.ആർ. | 1.4.2016 | 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശുഭ കെ നായർ | 1.4.2016 | 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ , എടയ്ക്കാട്ടുവയൽ | രാജേശ്വരി സി. | 1.4.2016 | 30.6.2016 |
| | വിജയകുമാർ | 1.7.2016 | 23.09.2016 |
| | അനില.പി(അധികചുമതല) | 24.9.2016 | 31.10.2016 |
| | ടിൻസി മാർട്ടിൻ | 1.11.2016 | 07.3.2017 |
| | അനില.പി(അധികചുമതല) | 8.3.2017 | 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വെളിയനാട് | അനില പി. | 1.4.2016 | 31.3.2017 |
| ഹെഡ് മിസ്ട്രസ്/ GUPS, വെളിയനാട് | ലിസ്സിക്കുട്ടി ഫിലിപ്പ് | 1.4.2016 | 31.3.2017 |
| വെറ്ററിനറി സർജൻ | ഡോ.രജിത പിള്ള | 1.4.2016 | 31.3.2017 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | പ്രദീപ് പി. | 1.4.2016 | 31.3.2017 |
| ഡയറി ഫാം ഇൻസ്പെക്ടർ | ജയ കെ.ആർ. | 1.4.2016 | 31.3.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| | ഭാഗം - 2 | |
| 13 | വസ്തു നികുതി – സഞ്ചയ സാംഖ്യ സോഫ്റ്റ് വെയറുകളിലെ തുകകൾ തമ്മിൽ വ്യത്യാസം | 2-1 |
| 14 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ അപാകത | 2-2 |
| 15 | മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 2-3 |
| | ഭാഗം - 3 | |
| 16 | ആദായ നികുതിഈടാക്കിയിട്ടില്ല | 3-1 |
| 17 | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന വാങ്ങൽ - മരുന്ന പൂർണ്ണമായും ലഭ്യമായിട്ടില്ല | 3-2 |
| 18 | ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല | 3-3 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 3-4 |
| 20 | തനത് ഫണ്ടിൽ നിന്ന് ശുചിത്വമിഷന് നല്കിയ തുക തിരികെ വാങ്ങിയില്ല | 3-5 |
| 21 | ഇ.എം.എസ്. ഭവന പദ്ധതിയുടെ അക്കൗണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച് | 3-6 |
| | ഭാഗം - 4 | |
| 22 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 23 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 24 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 25 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 26 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 27 | ഓഡിറ്റ് റിക്കവറി | 4-6 |
| 28 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 29 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 30 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 31 | ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17 | അനുബന്ധം.1 |
| 32 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം.2 |
| 33 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.3 |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം. |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 27.02.2016ലെ തീരമാനം 1(1) പ്രകാരം പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു :-

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 9,15,57,760 | 9,14,81,000 |
| വാർഷിക കണക്ക് പ്രകാരം (വരവ് ചെലവു പത്രിക പ്രകാരം) | 4,73,26,380 | 4,55,84,108 |

ഇ.എഫ്.എം.എസ്. മുഖേന എം.ജി.എൻ.ആർ.ഇ.ജി.എസ്., ബി-ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 1.59 കോടി രൂപയുടേയും 3.12 കോടി രൂപയുടേയും വരവു ചെലവുകൾ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ലെന്ന് കാണാം.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2016 | 28.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രികയിൽ ചില ന്യൂനതകൾ ഉണ്ട്. ശ്രദ്ധയിൽപ്പെട്ട ചില ന്യൂനതകൾ ഖണ്ഡിക 2-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട് (ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർക്കുന്നു).

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28,42,589 |
| വരവ് | 4,73,26,380 |
| ആകെ | 5,01,68,969 |
| ചെലവ് | 4,55,84,108 |
| നീക്കിയിരിപ്പ് | 45,84,861 |

## 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഇനം | മുൻ ബാക്കി | അലോട്ട്മെന്റ് | ആകെ | ചെലവ് | സഞ്ചിത നിധി യിലേക്ക് തിരികെ പോയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8061708 | 8061708 | 7663682 | 398026 | 95 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3828186 | 3828186 | 3250911 | 577275 | 85 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 17439498 | 17439498 | 9333022 | 8106476 | 54 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 2554755 | 2554755 | 1838136 | 716569 | 72 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4520547 | 4520547 | 4091425 | | 91 |
| ലോക ബാങ്ക് സഹായം | 0 | 2367618 | 2367618 | 2367618 | 0 | 100 |
| ബി ഫണ്ട് | 0 | 31656909 | 31656909 | 31656909 | 0 | 100 |
| എം.എൻ.ആർ. ഇ.ജി.എസ് | 19874 | 1606362 | 1626236 | 1619828 | 6408 | 99.6 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു :-

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ % |
|---|---|---|---|---|---|---|
| 151 | 73616221 | 116 | 34186529 | 26 | 9 | 76.82 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 48.18 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2539078 | 3699804 | 1160726 | 45.71 |
| നികുതിയേതര വരവുകൾ | 568468 | 943969 | 375501 | 66.05 |
| മറ്റുവരവുകൾ + പലിശ | 59255 | 49071 | - 10184 | -17.18 |
| ആകെ | 3166801 | 4692844 | 1526043 | 48.18 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :-

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,35,720 | 73 |
| കർഷകതൊഴിലാളി പെൻഷൻ | 60,40,120 | 584 |
| വിധവാപെൻഷൻ | 49,48,080 | 458 |
| വാർദ്ധക്യകാല പെൻഷൻ | 1,81,95,965 | 1245 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 16,34,985 | 179 |
| അവിവാഹിതരായ 50 വയസ്സിനു മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 4,48,990 | 44 |
| വിവാഹ ധനസഹായം | 1,40,000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.2017ന് ഹെഡ് ക്ലർക്കിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2695/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായ രീതിയിൽ എഴുതി സൂക്ഷിക്കുന്നുണ്ട് എന്നത് ഉറപ്പാക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.06.2017 മുതൽ 10.06.2017 വരെ | 01.05.2017 മുതൽ 31.05.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.05.2015 മുതൽ 18.05.2015 വരെ | 2010-11 മുതൽ 2014-15 വരെ | 22.9.2015 |

## 1-12 ഓഡിറ്റ് ഇംപാക്ട്

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ഈടാക്കാൻ കുറവ് വന്ന 870/- രൂപ ഓഡിറ്റ് എൻക്വയറി (നമ്പർ 11) മുഖേന ആവശ്യപ്പെട്ടതിനെ തുടർന്ന് 10.07.2017ലെ രസീത് നമ്പർ 117070100803 പ്രകാരം തിരിച്ചടച്ചു.

.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി - സഞ്ചയ സാംഖ്യ സോഫ്റ്റ് വെയറുകളിലെ തുകകൾ തമ്മിൽ വ്യത്യാസം

2016-17ലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ Property tax Current and Arrear collection ഉം സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ Current and Arrear Collecion Report മായി താഴെക്കാണിക്കും പ്രകാരം വ്യത്യാസം നിലനിൽക്കുന്നു.

| | Current Collection | Arrear Collection | Arrear Demand |
|---|---|---|---|
| സഞ്ചയ സോഫ്റ്റ് വെയറിലെ Current and Arrear Collecion Report പ്രകാരം | 1470055 | 885102 | 3110467 |
| റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 1429235 | 976699 | 1724152 |
| വ്യത്യാസം | 40820 | -91597 | 1386315 |

ഇപ്രകാരം വ്യത്യാസം വന്നതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ 2013-14 മുതലുള്ള മാപ്പിംഗ് ജോലികൾ പുരോഗമിക്കുകയാണെന്നും ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മേൽക്കാണിച്ചിട്ടുള്ള വ്യത്യാസങ്ങൾ ക്രമീകരിക്കപ്പെടും എന്നാണ്. വ്യത്യാസങ്ങൾ ക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിലെ അപാകത

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കെട്ടിട നിർമ്മാണം പൂർത്തിയായതിന്റെ വിവരങ്ങൾ, പ്രോപ്പർട്ടി ടാക്സ് മ്യൂട്ടേഷൻ നമ്പർ, അസസ്മെന്റ് വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല. അതിനാൽ പെർമിറ്റ് നല്കിയതിൽ ഏതൊക്കെ കെട്ടിടങ്ങൾ പണിപൂർത്തിയാക്കുവാനുണ്ട് എന്ന് മനസ്സിലാക്കുന്നതിനും അതനുസരിച്ച് നടപടി സ്വീകരിക്കുന്നതിനും നിലവിൽ പഞ്ചായത്തിന് സാധിക്കുന്നില്ല. രജിസ്റ്റർ കൃത്യമാക്കി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതി 15.11.2011ൽ ചേർന്ന യോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിവിധ കെട്ടിങ്ങളുടേയും, ഉപവിഭാഗങ്ങളുടേയും അടിസ്ഥാന വസ്തുനികുതി പരിഷ്കരിക്കാൻ അജൻഡ നമ്പർ മൂന്ന് ആയി തീരുമാനിച്ചിരുന്നു. ഇതിൻ പ്രകാരം മൊബൈൽ ടെലഫോൺ ടവറുകൾക്ക് ചതുരശ്ര മീറ്ററിന് 500/- രൂപ ഈടാക്കാനാണ് നിശ്ചയിച്ചിരുന്നത്.എന്നാൽ, ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ബി എസ് എൻ എൽ മൊബൈൽ ടെലഫോൺ ടവറുകളുടെ വിവരങ്ങൾ നികുതിനിർണ്ണയം നടത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, 2016-17

സാമ്പത്തീക വർഷത്തിൽ മേൽ സൂചിപ്പിച്ച മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

.

| ക്രമ നമ്പർ | സ്ഥാപനം | വാർഡ് നം./ കെട്ടിട നം. | വിസ്തൃതി (പ്ലിന്ത് ഏരിയ) | ഈടാക്കേണ്ട നികുതി (സെസ് സഹിതം)-നികുതി നിർണ്ണയം |
|---|---|---|---|---|
| 1 | ബി എസ് എൻ എൽ മൊബൈൽ ടെലഫോൺ ടവർ എടയ്ക്കാട്ടു വയൽ | 10/281A | 21 ച. മീ. | 9,923/-<br>അടിസ്ഥാനവസ്തുനികുതി=21x500=10,500-<br>ദ്വിതീയമേഖല ഇളവ് 10% = 1,050 .<br>= 9450+<br>സെസ് = 473<br>9923 |
| 2 | ബി എസ് എൻ എൽ മൊബൈൽ ടെലഫോൺ ടവർ ആരക്കുന്നം | ലഭ്യമല്ല (സർവ്വെ നം.36/1 കൈപ്പട്ടൂർ വില്ലേജ് ) | പെർമിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല | നികുതിനിർണ്ണയം നടത്തിയിട്ടില്ല |

ടി മൊബൈൽ ടെലഫോൺ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആദായ നികുതി ഈടാക്കിയിട്ടില്ല.

പുതിയ വഴിവിളക്കുകൾ സ്ഥാപിക്കുക എന്ന പ്രോജക്ടിന്റെ ടെണ്ടർ 2016-17-ൽ ഏറ്റെടുത്ത് നടപ്പിലാക്കിയത് എഡിസണ്‍ ഇലക്ട്രോണിക്സ്, തിരുവാങ്കുളം എന്ന സ്ഥാപനമാണ്. തൻവർഷം 3,90,000/- രൂപ ഈയിനത്തിൽ നല്കിയിട്ടുണ്ട്. ആദായ നികുതി നിയമം, വകുപ്പ് 194(c) പ്രകാരം 2% ആദായ നികുതി (ടി.ഡി.എസ്.) 7,800/-രൂ ഈടാക്കേണ്ടതായിരുന്നു.

എന്നാൽ നിയമപ്രകാരമുള്ള ആദായ നികുതി ഈ സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടില്ല. ചെലവ് വിവരം താഴെ പറയും പ്രകാരമാണ്.

പ്രോജക്ട് നം. - 134/17

അടങ്കൽ - 390000/-

ചെലവ് - 390000/-

ബിൽ നം. - 36/2016-17/ 29.3.17

അക്കൗണ്ട് നം. - 30631996747

.

വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/7.7.17) നല്കിയ മറുപടിയിൽ സ്ഥാപനത്തിൽ നിന്നും ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി 7800/- രൂപ സ്ഥാപനത്തിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ

ഈടാക്കേണ്ടതാണ്.

## 3-2 ആയുർവേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ - മരുന്നു പൂർണ്ണമായും ലഭ്യമായിട്ടില്ല.

ആയുർവേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങുന്നതിനായി 2016-17ൽ 1,95,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ 46,872/- രൂപയുടെ (ഇൻവോയിസ് നം. 4809/22.3.2017)മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ചെലവ് വിവരം താഴെ പറയും പ്രകാരമാണ്.

പ്രോജക്റ്റ് നം. - so 103/17

അടങ്കൽ - ₹.1,95,000/-

ചെലവ് - ₹.1,95,000/-

ബിൽ നം. - 1/2016-17/28.1.17

ഡി.ഡി.നം. -363316/30.1.17

ഫണ്ട് - ധനകാര്യകമ്മീഷൻ ഗ്രാൻറ്

വിശദവിവരം അന്വേഷിച്ചുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി (നം.10/7.7.17)യ്ക്ക് ലഭ്യമാക്കിയ മറുപടിപ്രകാരം 46,872/-രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂവെന്നും ബാക്കി മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ തുക കിഴിച്ച് (195000-46872) ബാക്കി തുകയായ 1,48,128/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായിട്ടില്ല.

2016-17 വർഷത്തിൽ ഹോമിയോ ആശുപത്രിയ്ക്ക് മരുന്നുവാങ്ങുന്നതിനായി 1,00,000/- രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഇതുവരെ മരുന്ന് ലഭ്യമായിട്ടില്ല. ചെലവ് വിവരം താഴെ പറയും പ്രകാരമാണ്.

പ്രോജക്റ്റ് നം. - SO 70/17
അടങ്കൽ - ₹.1,00,000/-
ചെലവ് – ₹.1,00,000/-
ബിൽ നം. - 1/16-17/22.12.16
ഡി.ഡി.നം. -362912/26.

വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് കൊടുത്ത എൻക്വയറിയ്ക്ക് (നം.13/7.7.17) 10.7.2017ൽ ലഭിച്ച മറുപടിയിൽ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ ചെലവ് തുക 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

.

## 3-4 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

2016-17 വർഷത്തിൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല :-

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | നിർവ്വഹണ ഏജൻസി | ചെലവ് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നം. തീയതി. |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 137/17 | നെട്ടവ ഭാഗത്ത് കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിയ്ക്കൽ | കേരള വാട്ടർ അതോറിററി, പി.എച്ച്. ഡിവിഷൻ, മൂവാററുപുഴ | 992206/- | സെക്രട്ടറി | 29/16-17/ 17.3.17 |
| 2 | 154/17 | കട്ടിമുട്ടം മീമ്പിള്ളി റോഡ് തൊട്ടൂർ കുളവയൽ പുഞ്ചറോഡ്- കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ. | -ടി- | 150000/- | -ടി- | ഡി.ഡി.നം. - 922268 / 9.3.2017 |
| 3 | 166/17 | വിവിധ പഞ്ചായത്ത് റോഡുകളിൽ ഗതാഗത തടസ്സം നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിയ്ക്കൽ | കെ.എസ്. ഇ.ബി. ഇലക്ട്രിക്കൽ സെക്ഷൻ, ആരക്കുന്നം. | 210366/- | -ടി- | 44/16-17/ 31.3.17 |
| 4 | 21/17 | ഐ.കെ.എം.ന് വിഹിതം നല്കൽ. | ഐ.കെ.എം | 35790/ | -ടി- | 17/16-17/ 30.1.17 |
| 5 | 69/17 | എസ്.എസ്.എ വിഹിതം നല്കൽ | എസ്.എസ്. എ.എറണാകുളം. | 150000/- | ഹെഡ്മിസ്ട്രസ്സ്, ഗവ. യു.പി.എസ്. എടയ്ക്കാട്ടുവയൽ പഞ്ചായത്ത്. | 1/16-17 27.1.2017 |
| 6 | 150/17 | ഐ.എ.വൈ. വിഹിതം നല്കൽ (എസ്.സി) | ബി.ഡി.ഒ, മുളന്തുരുത്തി | 400000 | വി.ഇ.ഒ, എടയ്ക്കാട്ടുവയൽ | ഡി.ഡി.നം. 363383 / 1.2.17 |
| 7 | 155/17 | ഐ.എ.വൈ. വിഹിതം നൽകൽ (എസ്.സി 14-15) | ബി.ഡി.ഒ, മുളന്തുരുത്തി | 250000 | വി.ഇ.ഒ, എടയ്ക്കാട്ടുവയൽ | 6/16-17/ 6.3.17 |
| | | ആകെ | | 2188362 | | |

വിനിയോഗ സാക്ഷ്യപത്രം ഇല്ലാത്തതിനാൽ ചെലവ് തുകയായ 2188362/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 തനത് ഫണ്ടിൽ നിന്ന് ശുചിത്വമിഷന് നല്കിയ തുക തിരികെ വാങ്ങിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23-5-14 ലെ സ.ഉ (സാധാ) നം 1724/16 ത .സ്വ ഭ വ പ്രകാരം മഴക്കാലപൂർവ്വ ശുചീകരണത്തിനായി ശുചിത്വമിഷനിൽ നിന്നും യഥാസമയം ഫണ്ട് ലഭിച്ചില്ലായെങ്കിൽ ആയതിന് ആവശ്യമായ തുക തനത് ഫണ്ടിൽ നിന്ന് ( വാർഡ് ഒന്നിന്10000 രൂപ) ചെലവഴിക്കാവുന്നതും ടി തുക ശുചിത്വമിഷനിൽ നിന്നും തിരികെ ലഭിക്കുന്നതും ആണ്. ആയത് അനുസരിച്ച് ടി പഞ്ചായത്തിലെ 14 വാർഡുകൾക്കായി 10,000/- വീതം ആകെ 1,40,000/- രൂപ

ചെലവഴിച്ചു (എം.ഒ., പി.എച്ച് സി ആരക്കുന്നത്തിന് 40,000/- രൂപയും (വൗച്ചർ നം. 2160114 മുതൽ 117വരെ, ചെക്ക് നം 1161335, 1161336, 1161347 1161348,30-5-16), എം.ഒ., പി.എച്ച്.സി. തൊട്ടൂരിന് 1,00,000/- രൂപയും (വൗച്ചർ നം 21600118 മുതൽ 127വരെ, ചെക്ക് നം 1161337 മുതൽ 1161346 വരെ, 31-5-16). ടി തുക നാളിതുവരെ ശുചിത്വമിഷനിൽ നിന്നും തിരികെ വാങ്ങി കാണുന്നില്ല .ടി തുക തിരികെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 ഇ.എം.എസ്. ഭവന പദ്ധതിയുടെ അക്കൗണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്കായി പ്രസിഡന്റിന്റെയും വി.ഇ.ഒ.യുടെയും പേരിൽ എടയ്ക്കാട്ടുവയൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ ആരംഭിച്ച സംയുക്ത അക്കൗണ്ടിൽ ( നം.440) 31.3.2016ൽ 34,57,822/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. ഈ അക്കൗണ്ടിന്റെ വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത അക്കൗണ്ട് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2014-15 ലെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 3.10) ചില നിർദ്ദേശങ്ങൾ നല്കിയിരുന്നു. ഈ അക്കൗണ്ടിന്റെ നിലവിലെ അവസ്ഥയും ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശങ്ങളിലും, പരാമർശങ്ങളിലും സ്വീകരിച്ച നടപടികളും വിശദീകരിക്കണമെന്ന് ഓഡിറ്റിൽ ആവശ്യപ്പെട്ടതനുസരിച്ച് വി.ഇ.ഒ. വിശദീകരണം ലഭ്യമാക്കുകയുണ്ടായി.

പ്രസ്തുത അക്കൗണ്ടിൽ നിന്നും 5,22,822/- രൂപ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്കായുള്ള ലോൺ അക്കൗണ്ടിലേക്ക് 15.3.2017 ൽ തിരിച്ചടച്ചിട്ടുണ്ട്. കൂടാതെ 4.1.17ൽ എം.എൻ.ലക്ഷം വീട് പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിച്ച ഒരു ഗുണഭോക്താവിന് 20,000/- രൂപ നല്കിയിട്ടുണ്ട്. 31.3.17ൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 31,02,509/- രൂപയാണ്.

23/9/2011 ൽ എം.എൻ ലക്ഷം വീട് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് നല്കിയ 32,50,000രൂപയിൽ നിന്ന് ഇതുവരെ എം.എൻ ലക്ഷം വീട് പദ്ധതിക്കായി ചെലവഴിച്ചതിനുശേഷം മിച്ചമുള്ള തുകയായ 19,00,000 രൂപ ഈ അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ആ തുക കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിലേക്ക് ഉടൻ തിരികെ നല്കുമെന്നും വി.ഇ.ഓ അറിയിച്ചു. എന്നാൽ അതിനുശേഷം മിച്ചമുള്ള തുക (12,02,509 രൂപ) എന്തുചെയ്യണമെന്ന് വി.ഇ.ഓ യ്ക്ക് നിശ്ചയമില്ലാത്തതായി കാണുന്നു. ഇതുസംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്ത് പണം അടിയന്തിരമായി പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

15/3/17 ൽ ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്കായുള്ള ലോൺ അക്കൗണ്ടിലേക്ക് തിരിച്ചടച്ച 5,22,822 രൂപയുടെ വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. 5,22,822 രൂപ ബാങ്ക് കൈപ്പറ്റിയതിന്റേയും ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്കായുള്ള ലോൺ ക്ലോസ് ചെയ്തതിന്റെയും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 175000 | ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 100000 | 0 |
| മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | പാൽവില ഇൻസന്റീവ് | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 2430000 | കൊയ്ത്ത് മെതിയന്ത്രം | 2430000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 75000 | ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 60000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 303000 | നെൽകൃഷി വികസനം | 303000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | ട്രഷറി ബിൽ/ചെക്ക് തുക | പൂർത്തീകരണം സംബന്ധിച്ച വിവരം. |
|---|---|---|---|
| ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | കെ. എസ്. ഇ ബി. | 44/16-17 /31.03.17 210366 | പൂർത്തീകരിച്ചിട്ടില്ല. |
| നെടുവ ഭാഗത്ത് കുടിവെള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ | കേരള വാട്ടർ അതോറിറ്റി | 992206/- 28,29/16-17 23.02.17 | പണി പൂർത്തീകരിച്ചിട്ടില്ല. |
| കുളവയൽ പുഞ്ചറോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 695722 9.03.17 150000 | പണി പൂർത്തീകരിച്ചിട്ടില്ല. |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽതിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണം | സ.ഉ.നം. 781 /2010/ ത.സ്വ. ഭവ./8.3.2010 | 2000000 + 499654 | 515082 | 515082 | 7740 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 2250/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ / | രസീത് നമ്പർ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | സ്ഥാപനത്തിന്റെ പേര് | /തീയതി |
|---|---|---|---|---|
| 2014-15 | 2-2 | 100 | എബ്രഹാം | 11603101074/23.7.2016 |
| | 2-2 | 100 | തമ്പി | 11603101069/23.7.2016 |
| | 2-2 | 50 | സാബു സി.ജെ. | 11603101068/23.7.2016 |
| | 2-2 | 100 | ബെന്നി ജോൺ | 11603101075/23.7.2016 |
| | 2-2 | 50 | പ്രിയ അനിൽകുമാർ | 11603101073/23.7.2016 |
| | 2-2 | 50 | തമ്പി | 11603101070/23.7.2016 |
| | 2-2 | 50 | ടി.വി.പൗലോസ് | 11603101101/25.7.2016 |
| | 2-2 | 100 | ജോർജ്ജ് കുര്യാക്കോസ് | 11603101094/25.7.2016 |
| | 2-2 | 100 | ഒ.ആർ.വിജയൻ | 11603101077/25.7.2016 |
| | 2-2 | 50 | പി.പി. ബാബു | 11603101109/26.7.2016 |
| | 2-2 | 100 | തോമസ്സ് ജി തെക്കൻ | 11603101110/26.7.2016 |
| | 2-2 | 100 | ജോസഫ് പത്രോസ് | 11603101127/27.7.2016 |
| | 2-2 | 100 | സെക്രട്ടറി, നന്മ ഗോതമ്പുപൊടി | 11603101122/27.7.2016 |
| | 2-2 | 100 | ബാമോ ബാബു | 11603101144/29.7.2016 |
| | 2-2 | 50 | ഷിനോജ് ജോർജ്ജ് | 11603101145/29.7.2016 |
| | 2-2 | 50 | ഷിജി ഷാലു | 11603101146/29.7.2016 |
| | 3-2 | 1000 | എൻ.കെ.ചെറിയാൻ | 11607100598/21.11.2016 |
| ആകെ | | 2250 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6-3,6(3)(1,2) | വാങ്ങൽ നടപടികളും, സാധനങ്ങളുടെ സമാഹരണവും സംബന്ധിച്ച്. | ഖണ്ഡികകളിലെ പരാമർശങ്ങൾ ക്കനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,73,26,380 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,55,84,108 |
| വരവിനങ്ങളിലുള്ള നഷ്ടം | --- |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 24,36,490 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 148128 | ഡോ.രാജേഷ് , മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| 3-3 | 100000 | ഡോ.ശാന്താറാം കെ.ആർ., മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-4 | 1388362 | ജെമിനി ഇ.സി., ഹെഡ് ക്ലർക്ക് (സെക്രട്ടറിയുടെ അധിക ചുമതല) |
| 3-4(5) | 150000/- | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ്സ്. എടയ്ക്കാട്ടുവയൽ |
| 3-4(6,7) | 650000 | ടിൻസി മാർട്ടിൻ, വി.ഇ.ഒ., എടയ്ക്കാട്ടുവയൽ |
| ആകെ | 2436490 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| | | |
|---|---|---|
| 3-1 | 7800 | ജെമിനി ഇ.സി., ഹെഡ് ക്ലർക്ക് (സെക്രട്ടറിയുടെ അധിക ചുമതല) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുഭിത നായർ സി., ഹെഡ് ക്ലാർക്ക് (സെക്രട്ടറിയുടെ അധിക ചുമതല) | അസി. സെക്രട്ടറി, ആവോലി ഗ്രാമപഞ്ചായത്ത് | ശ്രീവിഹാർ, ഏറ്റൂർ നോർത്ത്.പി.ഒ, പിൻ. 682306 |
| ശ്രീമതി ജെമിനി ഇ.സി., ഹെഡ് ക്ലാർക്ക് (സെക്രട്ടറിയുടെ അധികച്ചുമതല) | ഹെഡ് ക്ലാർക്ക്, എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | പുറപ്പിലക്കാട്ട് വീട്, മാറിക പി.ഒ., കൂത്താട്ടുകുളം |
| ശ്രീമതി. റ്റിൻസി മാർട്ടിൻ, വി.ഇ.ഒ | ലഭ്യമല്ല | പുത്തൻകുളത്തിൽ ഹൗസ്, തൈക്കൂടം ബണ്ട് റോഡ്, വൈറ്റില പി.ഒ, എറണാകുളം. |

.

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93 | എൽ.എഫ്.ഇ.(പി3)760/95/18.2.1996 |
| 1996-97 | എൽ.എഫ്.ഇ.(പി4)601/97/14.10.1997 |
| 1997-98 | എൽ.എഫ്.ഇ.(പി4)1272/99 |
| 1998-99 | എൽ.എഫ്.ഇ.(പി4)1091/2000/12.3.2003 |
| 1999-2000 | എൽ.എഫ്.ഇ.(പി4)320/2001 |
| 2000-01 | എൽ.എഫ്.ഇ.(പി4)1208/02/5.1.2003 |
| 2001-02 | എൽ.എഫ്.ഇ.(പി4)1245/05/2.3.2006 |
| 2001-02 | എൽ.എഫ്.ഇ.(പി4)1498/03/10.12.2003 |
| 2002-03 | എൽ.എഫ്.ഇ.(പി4)1245/05/2.3.06 |
| 2003-04 | എൽ.എഫ്.ഇ.(പി6)1640/09/28.5.2010 |
| 2004-05 | എൽ.എഫ്.ഇ.(പി6)1641/09/28.5.2010 |
| 2005-06 | എൽ.എഫ്.ഇ.(പി6)1642/09/28.5.2010 |
| 2006-07<br>2007-08<br>2008-09 | എൽ.എഫ്.ഇ.(പി6)58/12/17.3.2012 |
| 2009-10<br>2010-11 | എൽ.എഫ്.ഇ.(പി6)1642/12/8.5.2010 |
| 2011-12 | എൽ.എഫ്.ഇ.(പി6)1612/13/19.11.2013 |
| 2012-13 & 2013-14 | എൽ.എഫ്.ഇ.(പി6)1762/2014/29.12.2014 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം.(പി6) 878/2016/ 21.4.17 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം.(പി6) 2203/2016/ 14.12.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

.

# അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി6)1414/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
e-mail:doekm.ksad@kerala.gov.in

തീയതി : 18.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 2-1 ലെ പരാമർശം ഒഴികെ എന്റെ അഭിപ്രായത്തിൽ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

.

# APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P6)1414/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 18.09.2017

Certified that I have audited the Annual Financial Statement of EDAKKATTUVAYAL Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of EDAKKATTUVAYAL Grama Panchayat for the Financial Year 2016-17 except the observation in para no. 2-1 of my audit report properly presents the picture of income and expenditure.

Deputy Director